**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6545** **11-11-2021 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതുവരെ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ? | (എ) | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 2018-19 വർഷത്തിൽ കരവാരം പഞ്ചായത്തിനേയും 2021-22 വർഷം മണമ്പൂർ പഞ്ചായത്തിനേയും ആണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കരവാരം പഞ്ചായത്തിൽ 2018-19 വർഷത്തിൽ ആരംഭിച്ച് മൂന്നു വർഷങ്ങളിലായി കേരഗ്രാമം പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി ഘടകങ്ങൾ | ഭൗതിക നേട്ടം | ചിലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2018-19 1-ാം വർഷം | തെങ്ങിന് തടംതുറക്കൽ | 22000 തെങ്ങ് | 7.7 |
| | കമ്മായവിതരണം | 25000 തെങ്ങ് | 2.25 |
| | ജൈവവളവിതരണം | 15000 തെങ്ങ് | 3.75 |
| | രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ | 1068 തെങ്ങ് | 10.68 |
| | തെങ്ങിൻതൈകളുടെ വിതരണം | 756 എണ്ണം | 0.4536 |
| | പമ്പ്സെറ്റ് വിതരണം | 20 എണ്ണം | 1.5004 |
| | തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം | 61 എണ്ണം | 1.22 |
| | ജൈവവള ഉൽപാദക യൂണിറ്റ് | 2 എണ്ണം | 0.2 |
| | കൃഷി ഭവൻ പ്രവർത്തന ഫണ്ട് | --- | 0.15 |
| | പഞ്ചായത്ത്തലകേര സമിതികൾക്കുള്ള സഹായം | --- | 1.0 |
| | **ആകെ** | | **28.904** |
| 2019-20 2-ാം വർഷം | കുമ്മായ വിതരണം | 20000 തെങ്ങ് | 1.8 |
| | രാസവള വിതരണം | 20000 തെങ്ങ് | 3.6 |
| | മഗ്നീഷ്യം സൾഫേറ്റ് | 20000 തെങ്ങ് | 0.75 |
| | ജൈവവളവിതരണം | 20000 തെങ്ങ് | 2 |
| | ജീവാണുവളം, ജീവാണു കീടനാശിനി | 16680 തെങ്ങ് | 4.17 |
| | തെങ്ങ് വെട്ടിമാറ്റൽ | 140 എണ്ണം | 1.4 |
| | തെങ്ങിൻതൈ വിതരണം | 50 എണ്ണം | 0.03 |
| | ഇടവിളകൃഷികിറ്റ് വിതരണം | 100 ഹെക്ടർ | 6.0 |
| | കൃഷി ഭവൻ പ്രവർത്തന ഫണ്ട് | --- | 0.05844 |
| | പഞ്ചായത്ത്തലകേര സമിതികൾക്കുള്ള സഹായം | --- | 0.2 |
| | **ആകെ** | | **20.00844** |
| 2020-21 3-ാം | ജൈവ/ രാസ വളങ്ങളുടെ വിതരണം | 20000 തെങ്ങ് | 3.575 |

| വർഷം | | | |
|---|---|---|---|
| | **ആകെ** | | **3.575** |

മണമ്പൂർ പഞ്ചായത്തിൽ കേരഗ്രാമത്തിന്റെ ഒന്നാം വർഷ പ്രവർത്തനങ്ങൾ 2021–22–ൽ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ പ്രാരംഭപ്രവൃത്തികൾ ആരംഭിച്ച് നിലവിൽ വിവിധ വാർഡുകളിൽ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ 1000 തെങ്ങുകൾ മുറിച്ചുമാറ്റാൻ ലക്ഷ്യമിടുന്നതിൽ 650 എണ്ണം മുറിച്ചു മാറ്റിയിട്ടുണ്ട്. തെങ്ങുകൾ മുറിച്ചുമാറ്റുന്നത് പൂർത്തിയാകുന്ന മുറയ്ക്ക് പകരം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതാണ്. കൂടാതെ തെങ്ങുകൾക്ക് തടം തുറക്കൽ, തെങ്ങിന് ജൈവവളം വിതരണം, രാസവളം വിതരണം, ജൈവവളനിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, തെങ്ങുകയറ്റയന്ത്രം വിതരണം എന്നീ പ്രവൃത്തികൾ നടന്നുവരുന്നു. തെങ്ങിന് തടം തുറക്കുന്ന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ജൈവവളം വിതരണം ചെയ്യുന്നതാണ്. നാളിതുവരെയുള്ള പദ്ധതി പുരോഗതി ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **പദ്ധതിഘടകവും ലക്ഷ്യവും** | **ഭൗതിക നേട്ടം** | **ചെലവഴിച്ച തുക (ലക്ഷത്തിൽ)** |
|---|---|---|---|
| 1. | തടം തുറക്കൽ, കള പറിക്കൽ (45000 തെങ്ങിന്) | 21500 | 7.5 |
| 2. | ജൈവവളം (47500 തെങ്ങിന്) | --- | --- |
| 3. | തെങ്ങ് മുറിച്ചു മാറ്റൽ (1000) | 386 | 3.86 |
| 4. | തെങ്ങിൻതൈ (700) | --- | --- |
| 5. | പമ്പ് സെറ്റ്, കിണർ (50) | 10 | --- |
| 6. | തെങ്ങ് കയറ്റയന്ത്രം (61) | 30 | 0.6 |
| 7. | ജൈവവള യൂണിറ്റ് (8) | 3 | --- |
| 8. | പ്രവർത്തന ഫണ്ട് (15000) | --- | --- |
| 9. | പഞ്ചായത്ത്തല കേര സമിതി (രൂപീകരിച്ചു) | 1 | 0 |
| 10. | രാസവളം (6650 തെങ്ങിന്) | --- | --- |
| | **ആകെ** | | **11.96 ലക്ഷം** |